**മ്യൂച്വൽ ഫണ്ടിന്മേലുള്ള വായ്പയ്ക്കും ഓഹരികളുടെമേലുള്ള വായ്പയ്ക്കും ഉള്ള ഫ്ലെക്സി ലോണിന്റെ ഷെഡ്യൂൾ / ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും**

| | | |
|---|---|---|
| **1.** | **നടപ്പിലാക്കിയ സ്ഥലം** | (വായ്പകൊടുക്കുന്നയാൾ വായ്പ കരാറിൽ ഒപ്പിട്ട സ്ഥലമായിരിക്കും അത്) |
| **2.** | **നടപ്പിലാക്കിയ തീയതി** | വായ്പകൊടുക്കുന്നയാൾ ഈ കരാർ നടപ്പിലാക്കിയ തീയതി ആയിരിക്കണം |
| **3.** | **വായ്പയുടെ തരം** | ഡീമെറ്റീരിയലൈസ് ചെയ്ത ഓഹരികൾ / മ്യൂച്വൽ ഫണ്ടുകളുടെ യൂണിറ്റുകൾ / ബോണ്ടുകൾ / വായ്പകൊടുക്കുന്നയാൾ നിർണ്ണയിക്കുന്ന മറ്റ് സെക്യൂരിറ്റികൾ തുടങ്ങിയ സെക്യൂരിറ്റികൾ പണയം വച്ചുള്ള ഫ്ലെക്സി ലോൺ. |
| **4.** | **അനുവദിച്ചിട്ടുള്ള വായ്പ തുക** | വായ്പ തുക: രൂപ ______________________ (........................................................................................................ ........................................................................................................ ................ രൂപ മാത്രം) വായ്പാ നിബന്ധനകൾ പാലിച്ചാൽ, ഈ തുക ആവർത്തന അടിസ്ഥാനത്തിൽ പിൻവലിക്കാൻ ലഭ്യമായിരിക്കും.<br><br>നിങ്ങളുടെ പോർട്ട്ഫോളിയോയിലെ, വായ്പകൊടുക്കുന്നയാൾക്ക് പണയം വെച്ച / ചാർജ് ചെയ്ത അംഗീകൃതവും സ്വീകാര്യവുമായ സെക്യൂരിറ്റികളുടെ മാർക്കറ്റ് മൂല്യത്തിന്റെ മാർജിൻ പ്രയോഗിച്ചതിനു ശേഷമാണ് നിങ്ങളുടെ ലോൺ അക്കൗണ്ടിന്റെ പിൻവലിക്കൽ ശേഷി കണക്കാക്കുന്നത്. വായ്പകൊടുക്കുന്നയാൾ നിങ്ങളുടെ പോർട്ട്ഫോളിയോ ഇടയ്ക്കിടെ പുനർമൂല്യനിർണയം നടത്തും (ദിവസേന ഉൾപ്പെടെ); ആവശ്യമെങ്കിൽ പിൻവലിക്കൽ ശേഷി പരിഷ്കരിക്കും. മുകളിൽ അനുവദിച്ചിട്ടുള്ള പരമാവധി പരിധിക്ക് വിധേയമായി നിങ്ങളുടെ പിൻവലിക്കൽ ശേഷിയുടെ പരിധി വരെ നിങ്ങൾക്ക് ഫ്ലെക്സി ലോൺ പ്രയോജനപ്പെടുത്താം. |
| **5.** | **ലഭ്യതയുടെ കാലയളവ്** | നടപ്പാക്കൽ തീയതി മുതൽ കാലാവധി പൂർത്തിയാകുന്നതിന് 15 ദിവസം മുമ്പ് കാലാവധി അവസാനിക്കുന്നത് വരെ (താഴെ പറഞ്ഞിരിക്കുന്നതു പോലെ പുതുക്കാവുന്നതാണ്). |
| **6.** | **ഉദ്ദേശ്യം** | (a) നിയമവിരുദ്ധമോ സാമൂഹിക വിരുദ്ധമോ ആയ പണം കടംകൊടുക്കലും ഊഹക്കച്ചവട പ്രവർത്തനങ്ങളും, റിയൽ എസ്റ്റേറ്റിലെ ഊഹക്കച്ചവട നിക്ഷേപം, തുടർ വായ്പകൾ അല്ലെങ്കിൽ സെക്യൂരിറ്റികൾ, ഡിബഞ്ചറുകൾ അല്ലെങ്കിൽ സ്റ്റോക്ക് മാർക്കറ്റുകൾ എന്നിവയിലെ നിക്ഷേപം എന്നിവ ഉൾപ്പെടെ ഇവിടെ പരാമർശിച്ചിരിക്കുന്നതല്ലാത്ത മറ്റ് ഉദ്ദേശ്യങ്ങൾക്ക് ഈ ഫ്ലെക്സി ലോൺ ഉപയോഗിക്കാൻ പാടില്ല.<br>(b) ഈ ഫ്ലെക്സി ലോണിന്റെ കാലയളവിൽ ഫ്ലെക്സി ലോണിന്റെ ഫണ്ടുകളുടെ ഇവിടെ സൂചിപ്പിച്ചിരിക്കുന്ന അന്തിമ ഉപയോഗം / ഉദ്ദേശ്യം ഒരു തരത്തിലും മാറ്റാൻ പാടില്ല, അല്ലെങ്കിൽ അന്തിമ ഉപയോഗത്തിലെ അത്തരം മാറ്റം വായ്പ കൊടുക്കുന്നയാളുടെ മുൻകൂർ രേഖാമൂലമുള്ള അനുമതിയോടെ മാത്രമേ നടക്കാവൂ.<br>(c) മുകളിൽ പറഞ്ഞിരിക്കുന്ന കരാറിന്റെ ഏതെങ്കിലും ലംഘനം ഈ കരാറിന്റെ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ലംഘനത്തിന് തുല്യമായിരിക്കും, കൂടാതെ വായ്പകൊടുക്കുന്നയാൾക്ക് ഉചിതമെന്ന് തോന്നുന്ന രീതിയിൽ ഫ്ലെക്സി ലോണിന്റെ ബാക്കി തുക തടഞ്ഞുവയ്ക്കൽ / ഫ്ലെക്സി ലോൺ ഉടനടി തിരിച്ചടയ്ക്കാൻ ആവശ്യപ്പെടൽ എന്നിവ ഉൾപ്പെടെയുള്ള നടപടികൾ എനിക്ക് / ഞങ്ങൾക്ക് എതിരെ സ്വീകരിക്കാൻ വായ്പകൊടുക്കുന്നയാൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. |
| **7.** | **മെച്യൂരിറ്റി തീയതി** | [●], വായ്പയെടുക്കുന്നയാളുടെ അഭ്യർത്ഥന പ്രകാരം, വായ്പകൊടുക്കുന്നയാളുടെ പൂർണ്ണ വിവേചനാധികാരത്തിൽ, പുതുക്കിയ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ഇത് പുതുക്കാവുന്നതാണ്. |

| | | |
|---|---|---|
| 8. | **ലഭ്യതയുടെ കാലയളവ്** | വായ്പ വകരാറിന്റെ തീയതി മുതൽ കാലാവധി പൂർത്തിയാകുന്നതിന് 15 ദിവസം മുമ്പ് കാലാവധി അവസാനിക്കുന്നത് വരെ (ഇവിടെ നൽകിയിരിക്കുന്ന പ്രകാരം പുതുക്കാവുന്നതാണ്). |
| 9. | **പലിശയുടെ തരം** | ഫിക്സഡ് |
| 10. | **പലിശ നിരക്ക് (ROI)** | സ്ഥിരമായ ______% p.a. / പ്രതിമാസം അടയ്ക്കേണ്ടത്. |
| 11. | **പലിശ അടയ്ക്കേണ്ട തീയതി** | വായ്പകൊടുക്കുന്നയാൾ മറ്റുവിധത്തിൽ അറിയിച്ചിട്ടില്ലെങ്കിൽ, മുൻ മാസത്തിനായി ഓരോ മാസവും അഞ്ചാം തീയതിയോ അതിനു മുമ്പോ. |
| 12. | **വായ്പ തുകയുടെ തിരിച്ചടവ്** | വായ്പയെടുക്കുന്നയാൾ കാലാവധി പൂർത്തിയാകുന്ന തീയതിയിലോ അതിനു മുമ്പോ ശേഷിക്കുന്ന മുഴുവൻ വായ്പാ തുകയും വായ്പകൊടുക്കുന്നയാൾക്ക് തിരിച്ചടയ്ക്കണം. |
| 13. | **തിരിച്ചടവ് രീതി** | NACH / ENACH |
| 14. | **സെക്യൂരിറ്റികൾ** | ലിസ്റ്റ് ചെയ്തിട്ടുള്ള ഡീമെറ്റീരിയലൈസ് ചെയ്ത ഓഹരികൾ, മ്യൂച്വൽ ഫണ്ടുകളുടെ യൂണിറ്റുകൾ, ബോണ്ടുകൾ, വ്യക്തിഗത ഇൻഷുറൻസ് പോളിസി യൂണിറ്റുകൾ, കാലാകാലങ്ങളിൽ വായ്പകൊടുക്കുന്നയാൾ അംഗീകരിക്കുന്ന മറ്റ് സെക്യൂരിറ്റികൾ തുടങ്ങിയ സെക്യൂരിറ്റികളുടെ പണയവും വായ്പകൊടുക്കുന്നയാൾ മുമ്പ് അംഗീകരിച്ച ഏതെങ്കിലും സെക്യൂരിറ്റികൾക്ക് പകരമുള്ളതോ കൂട്ടിച്ചേർത്തതോ ആയ ഏതു സെക്യൂരിറ്റികളും ഇതിൽ ഉൾപ്പെടുന്നു. |
| | | |
| 15. | **മാർജിൻ** | ഇക്വിറ്റി ഓഹരികൾക്കും ഇക്വിറ്റി ഇൻസ്ട്രുമെന്റുകൾക്കും കുറഞ്ഞത് 50% (കുറഞ്ഞത് 2 തവണ) കൂടാതെ PEL ആഭ്യന്തര പോളിസികൾ അനുസരിച്ചുള്ള മറ്റു സെക്യൂരിറ്റികൾക്കും |
| 16. | **ഫീസുകളുടെയും മറ്റു ചാർജുകളുടെയും ഷെഡ്യൂൾ** | താഴെപ്പറയുന്ന പ്രകാരം അപേക്ഷയിൽ / വായ്പാ കാലയളവിൽ ബാധകമായ ഫീസുകളും ചാർജുകളും വായ്പകൊടുക്കുന്നയാൾ അവരുടെ അഭ്യന്തര നയമനുസരിച്ച് കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾക്ക് വിധേയമായിരിക്കും, അത്തരം ഏതെങ്കിലും മാറ്റങ്ങൾ വായ്പകൊടുക്കുന്നയാൾ അവരുടെ വെബ്സൈറ്റായ www.piramalenterprises.com വഴിയോ അവരുടെ ശാഖകൾ വഴിയോ വായ്പകൊടുക്കുന്നയാൾ ഉചിതമെന്ന് കരുതുന്ന മറ്റു മാധ്യമങ്ങൾ വഴിയോ അറിയിക്കുന്നതാണ്. ബാധകമായ പ്രോസസ്സിംഗ് ഫീസ്, ലിയൻ മാർക്കിംഗ് ചാർജുകൾ, സ്റ്റാമ്പ് ഡ്യൂട്ടി ചാർജുകൾ എന്നിവ ആദ്യ പിൻവലിക്കലിൽ നിന്ന് കിഴിക്കും. യാതൊരു തുകയും പിൻവലിക്കാത്ത സാഹചര്യത്തിൽ, വായ്പയെടുക്കുന്നയാൾ അത്തരം ചാർജുകൾ കാലാവധി പൂർത്തിയാകുന്ന തീയതിയിൽ അടയ്ക്കേണ്ടതാണ്, അപ്രകാരം പണമടയ്ക്കുമ്പോൾ മാത്രമേ സെക്യൂരിറ്റികളിൽ മാർക്ക് ചെയ്തിരിക്കുന്ന ലിയൻ/ചാർജ് റിലീസ് ചെയ്യൂ. |
| | (i) പ്രോസസിംഗ് ഫീസ് | രൂപ _______ /- + ബാധകമായ നികുതികൾ , |
| | **(ii) പിഴ നിരക്കുകൾ** | **1. പ്രതിവർഷം 24%, അതായത് കുടിശ്ശിക തീയതി മുതൽ യഥാർത്ഥ പണമടവ് തീയതി വരെയുള്ള കുടിശ്ശിക തുകയുടെ പ്രതിമാസം 2% + ബാധകമായ ചാർജുകൾ**<br>**2. വായ്പയെടുക്കുന്നയാൾ താഴെ വിവരിച്ചിരിക്കുന്ന ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും പാലിക്കാത്തതിന് പ്രതിവർഷം കുടശ്ശിക തുകയുടെ 24% അതായത് പ്രതിമാസം 2%, അത്തരം പാലിക്കാത്ത തീയതി മുതൽ വായ്പകൊടുക്കുന്നയാൾക്ക് തൃപ്തികരമായ രീതിയിൽ അത് പരിഹരിക്കപ്പെടുന്നതു വരെ + ബാധകമായ നികുതികൾ.**<br>**താഴെപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും പാലിക്കാത്തതിന് പിഴ ചുമത്തും:** |

| | | |
|---|---|---|
| | | • കരാറിൽ നൽകിയിരിക്കുന്ന തീയതിയിലോ അതിനു മുമ്പോ, കുടിശ്ശിക തുകയിലെ അല്ലെങ്കിൽ EMI-ലെ അല്ലെങ്കിൽ കരാർ പ്രകാരമുള്ള മറ്റേതെങ്കിലും കുടിശ്ശികയിലെ വീഴ്ചവരുത്തൽ അല്ലെങ്കിൽ അത് മുഴുവനായി അടയ്ക്കാതിരിക്കൽ.<br>• കരാറിലോ ഇടപാട് രേഖകളിലോ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിലോ ദീർഘിപ്പിച്ച സമയത്തിനുള്ളിലോ സെക്യൂരിറ്റി സൃഷ്ടിക്കാതിരിക്കൽ.<br>• ഇടപാട് രേഖകളിൽ നിർദ്ദേശിച്ചിരിക്കുന്ന സമയത്തിനുള്ളിൽ മാർജിൻ നിലനിർത്തുന്നതിലോ മാർജിൻ കോൾ പാലിക്കുന്നതിലോ ഉള്ള പരാജയം.<br>• വായ്പയെടുക്കുന്നയാൾ വായ്പാ അപേക്ഷയിൽ നൽകുന്ന ഏതെങ്കിലും വിവരങ്ങൾ, അല്ലെങ്കിൽ വായ്പകൊടുക്കുന്നയാൾക്ക് നൽകുന്ന സാമ്പത്തിക വിവരങ്ങൾ, കൂടാതെ/അല്ലെങ്കിൽ സാമ്പത്തിക സഹായത്തിനായി വായ്പകൊടുക്കുന്നയാൾക്ക് നൽകുന്ന മറ്റേതെങ്കിലും രേഖ/സർട്ടിഫിക്കറ്റ്/രസീത്/പ്രസ്താവന എന്നിവ തെറ്റിദ്ധരിപ്പിക്കുന്നതോ തെറ്റോ ആണെന്ന് കണ്ടെത്തിയിരിക്കുന്നു.<br>• വായ്പയെടുക്കുന്നയാൾ വായ്പ അനുവദിച്ച ഉദ്ദേശ്യത്തിനല്ലാതെ മറ്റേതെങ്കിലും ഉദ്ദേശ്യത്തിനായി വായ്പ തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ ദുരുപയോഗം ചെയ്താൽ അല്ലെങ്കിൽ വായ്പ നേടിയ ഉദ്ദേശ്യം നിയമവിരുദ്ധമായി മാറിയാൽ അല്ലെങ്കിൽ കാലാകാലങ്ങളിൽ വായ്പകൊടുക്കുന്നയാൾ വിലക്കുന്ന മറ്റേതെങ്കിലും ഉദ്ദേശ്യത്തിനായി ഉപയോഗിച്ചാൽ.<br>• ഈ കരാറിന് കീഴിലുള്ള ഏതെങ്കിലും പേയ്മെന്റ് നിർദ്ദേശങ്ങൾ നിരസിക്കപ്പെടുന്നത് / ഈ കരാറിന് കീഴിലുള്ള ഏതെങ്കിലും പേയ്മെന്റ് രീതി നിർത്താൻ വായ്പയെടുക്കുന്നയാൾ നൽകുന്ന ഏതെങ്കിലും നിർദ്ദേശം അല്ലെങ്കിൽ ഏതെങ്കിലും NACH മാൻഡേറ്റ് സമർപ്പിക്കരുതെന്ന് വായ്പകൊടുക്കുന്നയാൾക്ക് നൽകുന്ന നിർദ്ദേശം അല്ലെങ്കിൽ NACH മാൻഡേറ്റിന്റെ റദ്ദാക്കൽ.<br>• ഇടപാട് രേഖകളുടെ നിബന്ധനകൾ പ്രകാരം വായ്പകൊടുക്കുന്നയാൾ ഉന്നയിക്കുന്ന ഏതെങ്കിലും ആവശ്യത്തിന് രേഖകൾ കൂടാതെ/അല്ലെങ്കിൽ വായ്പകൊടുക്കുന്നയാൾ ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരങ്ങൾ സമർപ്പിക്കുന്നതിൽ വായ്പയെടുക്കുന്നയാളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന പരാജയം.<br>• സെക്യൂരിറ്റിയോ അതിന്റെ ഭാഗമോ ഉപേക്ഷിക്കുകയോ സമ്മാനമായി നൽകുകയോ മൂല്യം കുറയുകയോ ചെയ്യുകയും സുരക്ഷാ പരിരക്ഷ നിലനിർത്താനായി അധിക സുരക്ഷ നൽകുന്നതിൽ വായ്പയെടുക്കുന്നയാൾ പരാജയപ്പെടുകയും ചെയ്താൽ അല്ലെങ്കിൽ വായ്പകൊടുക്കുന്നയാൾ വിവരിക്കുന്ന പ്രകാരം സെക്യൂരിറ്റിയിലോ അതിന്റെ ഏതെങ്കിലും ഭാഗത്തിലോ എന്തെങ്കിലും അറ്റാച്ച്മെന്റ് ഉണ്ടാകുകയോ പിഴ ചുമത്തുകയോ ചെയ്താൽ, അല്ലെങ്കിൽ നൽകിയ ഈട് നടപ്പിലാക്കാൻ കഴിയാത്ത സ്വഭാവത്തിലുള്ളതായി തീർന്നാൽ. |
| | **(iii)** NACH/ ചെക്ക് ബൗൺസ് ചാർജുകൾ | രൂപ 500/- |
| | (iv) ലിയൻ & പ്ലെഡ്ജ് സൃഷ്ടിക്കൽ/ | യഥാർഥ തുക + ബാധകമായ നികുതികൾ |

| | | |
|---|---|---|
| | ഇൻവോക്കേഷൻ/ റദ്ദാക്കൽ ചാർജുകൾ | |
| | (v) ബ്രോക്കറേജ് ചാർജ് | യഥാർഥ തുക + ബാധകമായ നികുതികൾ (സെക്യൂരിറ്റികൾ വിൽക്കുന്ന പക്ഷം ഡെപ്പോസിറ്ററി പങ്കാളി ബ്രോക്കറേജ് ചാർജുകൾ കുറയ്ക്കും) |
| | (vi) ഏതെങ്കിലും നിയമ ചെലവുകൾ/നിരക്കുകൾ | യഥാർഥ തുക + ബാധകമായ നികുതികൾ |
| | (vii) റിക്കവറിയുമായി ബന്ധപ്പെട്ട ചാർജുകൾ | യഥാർഥ തുക + ബാധകമായ നികുതികൾ |
| | (viii) സ്റ്റാമ്പ് ഡ്യൂട്ടി/ഫ്രാങ്കിംഗ് ചാർജുകൾ | യഥാർഥ തുക + ബാധകമായ നികുതികൾ |
| | (ix) നിയമപരമായ ചാർജുകൾ (ബാധകമെങ്കിൽ) | യഥാർഥ തുക + ബാധകമായ നികുതികൾ |
| 18 | **(i)** ആർബിട്രേഷന്റെ അധികാരപരിധി, ഇരിപ്പിടം & സ്ഥലം | ആർബിട്രേഷന്റെയും കോടതി അധികാരപരിധിയുടെയും ഇരിപ്പിടം അല്ലെങ്കിൽ സ്ഥലം ഡൽഹി ആയിരിക്കും, ഈ കരാർ നടപ്പിലാക്കുന്ന സ്ഥലം താഴെ പറഞ്ഞിരിക്കുന്നതു പോലെയും ആയിരിക്കും. |
| 19 | **ഉപഭോക്തൃ സേവനങ്ങൾ:** | customerservice.pel@piramal.com |
| 20 | **പരാതി പരിഹാരം:** | ഫീഡ്ബാക്ക് നൽകാനോ പരാതി അയയ്ക്കാനോ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് ഇനിപ്പറയുന്ന ചാനലുകൾ ഉപയോഗിക്കാം: 1800-257-0411/+91 22 62309200 -ൽ ഞങ്ങളെ വിളിക്കുക (അവധി ദിവസങ്ങൾ ഒഴികെ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ വൈകുന്നേരം 5.00 വരെ).<br>അല്ലെങ്കിൽ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക:<br><br>**പിരമൽ എന്റർപ്രൈസസ് ലിമിറ്റഡ്**<br>പിരമൽ അനന്ത, അഗസ്ത്യ കോർപ്പറേറ്റ് പാർക്ക്, ഓപ്പോസിറ്റ് ഫയർ ബ്രിഗേഡ് കമാനി ജംഗ്ഷൻ, LBS മാർഗ്, കുർള (വെസ്റ്റ്), മുംബൈ 400070, മഹാരാഷ്ട്ര, ഇന്ത്യ<br>ഇമെയിൽ ഐഡി: customerservice.pel@piramal.com |
| 21 | **പരാതി പരിഹാര ഓഫീസർ** | **പേര്** : സുസ്മിത റോയ്<br>**പദവി** : കംപ്ലയൻസ് ഓഫീസർ<br>**ഫോൺ നമ്പർ** : +91 22 62309200<br>**ഇമെയിൽ ID** : Nodal.Officer@piramal.com<br>**വിലാസം** : പിരമൽ എന്റർപ്രൈസസ് ലിമിറ്റഡ് പിരമൽ അനന്ത, അഗസ്ത്യ കോർപ്പറേറ്റ് പാർക്ക്, ഓപ്പോസിറ്റ് ഫയർ ബ്രിഗേഡ്, കമാനി ജംഗ്ഷൻ, LBS മാർഗ് കുർള (വെസ്റ്റ്), മുംബൈ 400070 മഹാരാഷ്ട്ര, ഇന്ത്യ |

മറ്റ് നിബന്ധനകളും വ്യവസ്ഥകളും

1. നിലവിലെ വിലയിൽ മാർജിൻ (PEL ആഭ്യന്തര റിസ്ക്ക് വിലയിരുത്തൽ അനുസരിച്ച്) പ്രയോഗിച്ചതിനു ശേഷമാണ് അന്തിമ അനുമതിയും വിതരണവും. കൂടാതെ, PEL-ന് എപ്പോൾ വേണമെങ്കിലും, പണയ സെക്യൂരിറ്റികളിൽ വർദ്ധിച്ച മാർജിൻ പ്രയോഗിക്കാനോ പണയ സെക്യൂരിറ്റികൾ അവരുടെ അനുവദനീയമായ ഫണ്ടിംഗ് ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യാനോ കഴിയും
2. ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ സെക്യൂരിറ്റികൾ വിൽക്കാനുള്ള അധികാരം ഉപയോഗിക്കാൻ PEL-ന് പൂർണ്ണ അവകാശമുണ്ട്. കൂടാതെ, ആഭ്യന്തര റിസ്ക് മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു പ്രത്യേക സ്ക്രിപ്റ്റിന്റെ വില താഴെയാണെങ്കിൽ, പണയം വച്ച സെക്യൂരിറ്റികൾ വിൽക്കാൻ PEL-ന് കഴിയും
3. ബാധകമാണെങ്കിൽ ബാധകമായ നികുതികൾ സഹിതം, രജിസ്ട്രേഷൻ / മുൻകൂർതുക / പ്രോസസ്സിംഗ് / മറ്റേതെങ്കിലും ഫീസ് എന്നിവ റീഫണ്ട് ചെയ്യാൻ ഒരു സാഹചര്യത്തിലും PEL ബാധ്യസ്ഥനല്ല
4. (ബാധകമായ നിയമം അനുശാസിക്കുന്നില്ലെങ്കിൽ) യാതൊരു കാരണവും നൽകാതെ തന്നെ വായ്പാ അപേക്ഷ നിരസിക്കാൻ PEL-ന് പൂർണ്ണമായ വിവേചനാധികാരം ഉണ്ടായിരിക്കും, അത്തരം നിരസിക്കലിനോ അത്തരം നിരസിക്കൽ അറിയിക്കുന്നതിലെ ഏതെങ്കിലും കാലതാമസത്തിനോ അത്തരം നിരസിക്കൽ അല്ലെങ്കിൽ അത്തരം നിരസിക്കൽ അറിയിക്കുന്നതിലെ ഏതെങ്കിലും കാലതാമസം നിമിത്തം ഉണ്ടാകുന്ന ഏതെങ്കിലും വിലകൾ, നഷ്ടങ്ങൾ, നാശനഷ്ടങ്ങൾ, ചെലവുകൾ അല്ലെങ്കിൽ മറ്റ് അനന്തരഫലങ്ങൾ എന്നിവയ്ക്കോ PEL ഒരു തരത്തിലും ഉത്തരവാദിയായിരിക്കില്ല.
5. വായ്പയെടുക്കുന്നയാളുടെ എളുപ്പത്തിലുള്ള പ്രവർത്തനത്തിനായി, വായ്പകൊടുക്കുന്നയാളുടെ ഓൺലൈൻ/ഡിജിറ്റൽ സേവനങ്ങളും സാങ്കേതിക പ്ലാറ്റ്ഫോമും (ടെക്നോളജി പ്ലാറ്റ്ഫോം) ഉപയോഗിച്ചാണ് ഫ്ലെക്സി ലോൺ അനുവദിക്കുന്നതും നൽകുന്നതും, ആധാർ അധിഷ്ഠിത ഇ-സിഗ്നേച്ചർ വഴി ഈ കരാർ സ്വീകരിക്കാനും ഒപ്പിടാനും വായ്പയെടുക്കുന്നയാൾ ഇതിനാൽ സമ്മതിക്കുന്നു.
6. വായ്പയെടുക്കുന്നയാൾ ഈ കരാർ സ്ഥിരീകരിക്കുകയും പൂർത്തിയാക്കുകയും ഒപ്പിടുകയും ചെയ്യുകയും ഈ കരാർ വായിച്ചു മനസ്സിലാക്കുകയും പിൻവലിക്കാനാകാത്ത വിധം സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്തു എന്നതിന്റെ സൂചനയായി വെരിഫിക്കേഷൻ കോഡ്/ഒറ്റത്തവണ പാസ്വേഡ് ("OTP") നൽകിക്കൊണ്ട് ആധാർ അധിഷ്ഠിത ഇ-സിഗ്നേച്ചർ മുഖേന ടെക്നോളജി പ്ലാറ്റ്ഫോം വഴി വായ്പ വിതരണം ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു, അതിനെ തുടർന്ന് വായ്പകൊടുക്കുന്നയാൾ ഫ്ലെക്സി ലോൺ വിതരണം പൂർത്തിയാക്കും.
7. ഒറ്റത്തവണ പാസ്വേഡ്, ആക്സസ് കോഡ് അല്ലെങ്കിൽ മറ്റ് സുരക്ഷിത ഒതന്റിക്കേഷൻ മാർഗ്ഗങ്ങൾ ലഭിക്കുമ്പോൾ, വായ്പയെടുക്കുന്നയാൾ അത്തരം ഓതന്റിക്കേഷൻ നൽകിയിട്ടുണ്ടെന്ന് വായ്പകൊടുക്കുന്നയാൾ അനുമാനിക്കുന്നതാണ്, കൂടാതെ ഒറ്റത്തവണ പാസ്വേഡ്, ആക്സസ് കോഡ് അല്ലെങ്കിൽ മറ്റ് സുരക്ഷിത ഒതന്റിക്കേഷൻ രൂപങ്ങൾ അപഹരിക്കപ്പെടുകയോ ഏതെങ്കിലും അനധികൃത ഉപയോക്താക്കളുമായി പങ്കിടുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് വായ്പയെടുക്കുന്നയാളുടെ മാത്രം ഉത്തരവാദിത്തമാണ്.
8. ടെക്നോളജി പ്ലാറ്റ്ഫോം വഴി വായ്പയെടുക്കുന്നയാളിൽ നിന്ന് ലഭിച്ചതോ ലഭിച്ചതായി കരുതുന്നതോ ആയ, അല്ലെങ്കിൽ ഒറ്റത്തവണ പാസ്വേഡ്, ആക്സസ് കോഡ് അല്ലെങ്കിൽ മറ്റ് സുരക്ഷിതമായ ഒതന്റിക്കേഷൻ മാർഗ്ഗങ്ങൾ പരിശോധിച്ചുറപ്പാക്കുന്നതിലൂടെ അല്ലാതെ വായ്പയെടുക്കുന്നയാൾ അയച്ചതായി കരുതപ്പെടുന്ന, ഏതെങ്കിലും ഇടപാടിന്റെയോ നിർദ്ദേശത്തിന്റെയോ ആധികാരികത പരിശോധിക്കാൻ വായ്പകൊടുക്കുന്നയാൾക്ക് ബാധ്യതയില്ല. ടെക്നോളജി പ്ലാറ്റ്ഫോമിന്റെ ഉപയോഗത്തിൽ നിന്നും ഒറ്റത്തവണ പാസ്വേഡോ ആക്സസ് കോഡോ മറ്റു സുരക്ഷിത ഒതന്റിക്കേഷൻ മാർഗ്ഗങ്ങളോ ഉപയോഗിക്കുന്നതിൽ നിന്നും ഉളവാകുന്ന സൗകര്യത്തിനായുള്ള ഓൺലൈൻ അഭ്യർത്ഥനയുമായി ബന്ധപ്പെട്ട വായ്പകൊടുക്കുന്നയാളുടെ എല്ലാ രേഖകളും ഇടപാടിന്റെ ആധികാരികതയ്ക്കും കൃത്യതയ്ക്കും ഉള്ള നിർണായക തെളിവായിരിക്കും, അത് കടം വാങ്ങുന്നയാൾക്ക് ബാധകവുമായിരിക്കും.
9. വായ്പകൊടുക്കുന്നയാൾ തന്റെ പക്കൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇമെയിൽ ഐഡിയിലേക്ക് ഈ കരാറും അനുമതി കത്തും സംബന്ധിച്ച പ്രധാന വസ്തുതാ പ്രസ്താവന അടങ്ങിയ ഒരു ഇമെയിൽ ("ഇമെയിൽ ആശയവിനിമയം") അയയ്ക്കും.

10. ഇടപാട് രേഖകളുടെ സ്വീകാര്യതയ്ക്കായി വായ്പയെടുക്കുന്നയാളുടെ ഭാഗത്തു നിന്ന് വ്യത്യസ്തമായതോ ഭൗതികമായതോ ആയ ഒപ്പ് ഉൾപ്പെടെ മുകളിൽ പറഞ്ഞിരിക്കുന്നതല്ലാതെ മറ്റ്/കൂടുതലായ നടപടിയോ പ്രവൃത്തിയോ എഴുത്തോ ആവശ്യമില്ല. വായ്പകൊടുക്കുന്നയാളും ഈ കരാറിൽ ഏതെങ്കിലും ഭൗതിക രൂപത്തിൽ ഒപ്പിടേണ്ടതില്ല. സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഉദ്ദേശ്യത്തിനായി, സ്റ്റാമ്പ് പേപ്പറിനെ/സ്റ്റാമ്പ് ചെയ്ത (ഫ്രാങ്ക് ചെയ്തത് ഉൾപ്പെടെ) പേജിനെ ഈ നിബന്ധനകളും വ്യവസ്ഥകളുമായി ബന്ധപ്പെടുത്തുന്ന, സ്റ്റാമ്പ് പേപ്പറിലോ സ്റ്റാമ്പ് ചെയ്ത പ്രസക്തമായ എക്സ്ട്രാക്റ്റിലോ ഉള്ള ഏത് എഴുത്തും, സ്റ്റാമ്പ് പേപ്പറിനെ/സ്റ്റാമ്പ് ചെയ്ത (ഫ്രാങ്ക് ചെയ്തത് ഉൾപ്പെടെ) പേജിനെ ഈ കരാറിന്റെ അവിഭാജ്യ ഘടകമാക്കുന്നതിന് തുല്യമാണെന്ന് വായ്പവാങ്ങുന്നയാൾ സമ്മതിക്കുന്നു.